(എഫ്) സ്കൂളുകൾ അനുവദിക്കുവാൻ ഓരോ സ്ഥലത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യകതയാണ് മാനദണ്ഡം ആയി ഉദ്ദേശിക്കുന്നത്.

(ജി) ഗവൺമെൻറ് സ്കൂളുകളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലാണ് പുതിയ സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്.

(എച്ച്) മേൽ പറഞ്ഞ അൺ എയിഡഡ് സ്കൂളുകൾ എല്ലാംതന്നെ 1986-87 അദ്ധ്യയന വർഷത്തിൽ അനുവദിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

(ഐ) കേരളത്തിലെ എല്ലാ ജില്ലകളിലും പുതിയ സ്കൂളുകൾ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

(ജെ) പ്രാഥമിക സ്ഥലനിർണ്ണയ ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

(കെ) 150 അൺ എയിഡഡ് സ്കൂളുകൾ സഹകാര്യ മേഖലയിൽ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഹയർ സെക്കൻററി സ്കൂളിന്റെ ഭാഗമാക്കാൻ നടപടി

* 31. [34] ശ്രീ. എം. എം. ഹസ്സൻ :
,, ജി. കാർത്തികേയൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ബെന്നി ബഹനാൻ :
,, രമേശ് ചെന്നിത്തല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പ്രീ-ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളിൽനിന്നും വേർപെടുത്തി ഹയർ സെക്കൻഡറി സ്കൂളിന്റെ ഭാഗമാക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി : (ശ്രീ. ടി. എം. ജേക്കബ്) :

(എ, ബി) പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഒരു പ്രത്യേക ബോർഡിന്റെ ചുമതലയിൽ കൊണ്ടുവരുന്ന കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്. തീരുമാനമൊന്നും ആയിട്ടില്ല.

ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അംഗീകാരം

* 32. [35] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. മുഹമ്മദാലി :
,, രാഘവൻ പൊഴക്കടവിൽ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly